# ഇസ്‌ലാമിക് ഫൈനാൻസ് ഭാവിയുടെ പ്രതീക്ഷ

ഇന്ത്യയിൽ ഇസ്‌ലാമിക് ഫൈനാൻസിന്റെ മുൻനിര പ്രചാരകരിലൊരാളാണ് ഡോ. ശാരീഖ് നിസാർ. രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി ഇസ്‌ലാമിക് ഫൈനാൻസ് കമ്പനികളുടെ കൺസൾട്ടന്റാണ് അദ്ദേഹം. അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയിൽനിന്ന് ഫൈനാൻസിൽ ഡോക്ടറേറ്റും നേടി. യു.പി സ്വദേശിയായ **ഡോ. ശാരീഖ്** മുംബൈയിലാണിപ്പോൾ താമസം. ശാന്തപുരം അൽജാമിഅ അൽ ഇസ്‌ലാമിയ്യയിൽ PGDIEF വിദ്യാർഥികൾക്ക് ഇസ്‌ലാമിക് ഫൈനാൻസിൽ ക്ലാസ്സെടുക്കാൻ എത്തിയ ഡോ. ശാരീഖ് ഇന്ത്യയിലും വിദേശത്തുമുള്ള ഇസ്‌ലാമിക് ഫൈനാൻസിന്റെ വികാസത്തെക്കുറിച്ച് സംസാരിക്കുന്നു.

**ഇസ്‌ലാമിക് ഫൈനാൻസ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? പരമ്പരാഗത ഫൈനാൻസ് രീതികളിൽനിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെടുന്നു?**

ഇസ്‌ലാമിക മൂല്യങ്ങളും നിയന്ത്രണങ്ങളും പാലിക്കുന്ന ഫൈനാൻസ് രീതികളെയാണ് ഇസ്‌ലാമിക് ഫൈനാൻസ് എന്നു പറയുന്നത്. പരമ്പരാഗത ഫൈനാൻസ് രീതികളിൽനിന്ന് പ്രധാനമായും മൂന്ന് വ്യത്യാസങ്ങളാണ് ഇതിനുള്ളത്. പലിശ, ഗറാർ (വഞ്ചന), മൈസിർ (ചൂതാട്ടം) എന്നിവയുടെ നിരോധനമാണവ. പരമ്പരാഗത ഫൈനാൻസിൽ ഇത് മൂന്നും അടങ്ങിയിരിക്കുന്നു. ഇസ്‌ലാമിക ധന ഇടപാടുകൾ ഇവയിൽനിന്ന് മുക്തമായിരിക്കും. കടമായി നൽകുന്ന പണത്തിന് അധികമായി വാങ്ങുന്നതെല്ലാം പലിശയാണ്. ഇടപാടിലെ അവകാശങ്ങളും ബാധ്യതകളും വ്യക്തമാക്കാതെ നടത്തുന്ന കരാറുകളാണ് ഗറാറും മൈസിറും. ഒരു വ്യക്തിയുടെ ചെലവിൽ മറ്റൊരാൾ ലാഭമുണ്ടാക്കുന്നത് ശുദ്ധ വഞ്ചനയാണ്. കൂടാതെ ഇസ്‌ലാം നിരോധിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്ന വസ്തുക്കളുടെ ഉൽപാദനത്തിന് മുതലിറക്കുന്നതും ഇസ്‌ലാമിൽ നിഷിദ്ധമാണ്.

**ലോകത്ത് ഇസ്‌ലാമിക് ഫൈനാൻസിന്റെ വർത്തമാനകാല സ്ഥിതി എന്താണ്?**

ഇന്ന് ലോകത്ത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണ് ഇസ്‌ലാമിക് ഫൈനാൻസ്. 75-ലധികം രാജ്യങ്ങൾ ഇത് പ്രാവർത്തികമാക്കിയിരിക്കുന്നു. ഏതാണ്ടെല്ലാ മുസ്‌ലിം രാഷ്ട്രങ്ങളും അവരുടെ സമ്പദ്‌വ്യവസ്ഥ ഇസ്‌ലാമികമായി പരിവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ, യൂറോപ്പ്, വടക്കെ അമേരിക്ക എന്നിവിടങ്ങളിലും വളർച്ച ദൃശ്യമാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ പോലും ദ്രുതഗതിയിലുള്ള വളർച്ച കാണാനാവും. ഏതാണ്ട് ആയിരം ബില്യൻ ഡോളറിന്റെ ആസ്തി ഇസ്‌ലാമിക് ഫൈനാൻസ് രംഗത്തുണ്ടെന്നാണ് ഏകദേശ കണക്ക്. വിവിധ മുസ്‌ലിം ഫണ്ടുകളും ഇസ്‌ലാമിക് ഓഹരി നിക്ഷേപങ്ങളും കൂടാതെയാണിത്. മുസ്‌ലിം രാഷ്ട്രങ്ങളിലെ പുതിയ നിക്ഷേപങ്ങളിൽ പകുതിയും ഇസ്‌ലാമിക് ഫൈനാൻസ് രംഗത്താണ്.

**ഇസ്‌ലാമിക് ഫൈനാൻസിലെ പ്രധാന രീതികൾ ഏതൊക്കെ? അവ ശരീഅത്തിനനുസൃതമാണെന്നു പറയുന്നത് ഏതു മാനദണ്ഡമനുസരിച്ചാണ്?**

സാമ്പത്തിക വിനിമയങ്ങളിൽ സാമൂഹികനീതിയും തുല്യതയുമാണ് ഇസ്‌ലാമിക് ഫൈനാൻസിന്റെ ലക്ഷ്യം. ഇസ്‌ലാം നിരോധിക്കാത്ത ഏതു ഉൽപന്നവും ഈ മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതാണെങ്കിൽ സ്വീകാര്യമാണ് എന്നതാണ് പൊതു തത്ത്വം. പരമ്പരാഗതമായി ഇസ്‌ലാമികലോകത്ത് പ്രചാരത്തിലുള്ള മുദാറബ, മുശാറക, മുറാബഹ, ഇജാറ, സലം തുടങ്ങിയവയും ഇസ്തിസ്നാഅ് പോലുള്ള ധാരാളം പുതിയ രീതികളും ഫൈനാൻസ് രംഗത്ത് പ്രയോഗത്തിലുണ്ട്. ഒരാൾ മുതലിറക്കി മറ്റൊരാൾ സംരംഭകത്വ പ്രവർത്തനം നടത്തുന്ന രീതിയാണ് മുദാറബ. ഇവിടെ നഷ്ടം വഹിക്കുന്നത് മൂലധന ഉടമ മാത്രമായിരിക്കും. സംരംഭകത്വവും മൂലധനവും ഒരേപോലെ പങ്കുവഹിക്കുന്ന രീതിയാണ് മുശാറക. നഷ്ടത്തിലും ലാഭത്തിലും മൂലധനവിഹിതമനുസരിച്ച് പങ്കാളികളാവുന്നു.

ആധുനിക ധനകാര്യസ്ഥാപനങ്ങൾ കൂടുതലായും ആശ്രയിക്കുന്ന രീതി മുറാബഹയാണ്. ആവശ്യക്കാർക്ക് വീട്, വാഹനം തുടങ്ങിയ ആസ്തികൾ വാങ്ങുന്നതിന് ബാങ്ക് വായ്പ നൽകുന്നതിനു പകരം ഇവ ബാങ്ക് വിലയ്ക്കുവാങ്ങി ഘട്ടം ഘട്ടമായി ആവശ്യക്കാർക്ക് കൈമാറുന്നു. അടച്ചുതീർക്കുന്നതിന് നിശ്ചിത സമയം നിജപ്പെടുത്തുകയും അതിനനുസരിച്ച് അൽപം ഉയർന്ന വില (markup) ബാങ്ക് നേരത്തേ നിശ്ചയിക്കുകയും ചെയ്യുന്നു. സമയത്തിനകം അടച്ചുതീർന്നില്ലെങ്കിലും കൂടുതൽ തുക ഈടാക്കില്ല.

'ഇജാറ'യാണ് പ്രയോഗത്തിലുള്ള മറ്റൊരു രീതി. ഇസ്‌ലാമിക ധനകാര്യ സ്ഥാപനം വാടകക്ക് നൽകാവുന്ന വസ്തുക്കൾ വിലയ്ക്കു വാങ്ങി വാടകക്ക് നൽകുന്ന രീതിയാണ് 'ഇജാറ വഇഖ്തിന'. വാടക കാലാവധി അവസാനിക്കുമ്പോൾ വസ്തു ഉപഭോക്താവിന് കൈമാറുകയോ നാമമാത്ര വിലയ്ക്ക് വിൽക്കുകയോ ചെയ്യുന്നു. പണം മുൻകൂറായി നൽകി നിശ്ചിത അവധിക്ക് വസ്തു കൈമാറലാണ് 'സലം'. നിർമാണമേഖലയിൽ നിലവിലുള്ള ഫൈനാൻസിംഗ് രീതിയാണ് ഇസ്തിസ്നാഅ്. പ്രവർത്തന പുരോഗതിക്കനുസരിച്ച് കരാറിൽ പറഞ്ഞ തുക കൈമാറുന്നു. ഓർഡർ പ്രകാരം നിർമിക്കുന്ന വസ്തുക്കൾക്കാണ് ഇസ്തിസ്നാഅ് ബാധകമാവുക. ഉൽപാദിപ്പിക്കപ്പെട്ടതോ ഉൽപാദിപ്പിക്കാനിരിക്കുന്നതോ ആയ വസ്തു നിശ്ചിത അവധിക്ക് കൈമാറാൻ സലം ഉപയോഗിക്കുന്നു. മറ്റു ചില രീതികളും പ്രചാരത്തിലുണ്ട്.

**ഇന്ത്യയിൽ ഇസ്‌ലാമിക് ഫൈനാൻസ് സാധ്യമാണോ? ഈ മാർഗത്തിലെ തടസ്സങ്ങൾ?**

ഇന്ത്യയടക്കം ഏതു രാജ്യത്തും ഇസ്‌ലാമിക് ഫൈനാൻസ് സാധ്യമാണ്. പലിശയിലും കടക്കെണിയിലും പെട്ട് ആയിരങ്ങൾ ആത്മഹത്യ ചെയ്യുന്ന ഈ രാജ്യത്ത് ഇത് കൂടുതൽ പ്രയോജനം ചെയ്യും. റിയൽ എസ്റ്റേറ്റ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി കൂടുതൽ മുതൽമുടക്കാവശ്യമുള്ള മേഖലകളിൽ കൂടുതൽ ഉൽപാദനപരമാണ് ഇസ്‌ലാമിക് ഫൈനാൻസ്. സർക്കാറിന്റെ വികസനച്ചെലവിന്റെ നല്ലൊരു ഭാഗം കണ്ടെത്തുന്നതിന് സഹായകവുമാണിത്. അതേസമയം ഇന്ത്യയിൽ ഈ മേഖല കൂടുതൽ സജീവമാവാൻ ഏറെ തടസ്സങ്ങളുണ്ട്. ഇസ്‌ലാമിക ധനവിനിമയ രീതികൾക്ക് പലതിനും നിയമപരമായ അംഗീകാരമില്ല എന്നതാണ് പ്രധാന പ്രശ്നം. ലോകത്ത് മറ്റു മതേതര രാജ്യങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിക് ഫൈനാൻസിനോടുള്ള നമ്മുടെ സർക്കാറിന്റെ സമീപനം തൃപ്തികരമല്ല. ഇസ്‌ലാമിക് ബാങ്കിംഗിന്റെ സാധ്യതയെക്കുറിച്ച് പഠിക്കാൻ കഴിഞ്ഞ വർഷം സർക്കാർ റിസർവ് ബാങ്കിനോടാവശ്യപ്പെട്ടിരുന്നു. ആശ്ചര്യകരമെന്നു പറയട്ടെ, വേണ്ട രീതിയിൽ പഠിക്കാതെ നെഗറ്റീവായ റിപ്പോർട്ടാണ് ബാങ്ക് നൽകിയത്. അതോടെ ഈ ദിശയിലുള്ള നീക്കങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഇസ്‌ലാമിക് ബാങ്കിംഗ് വന്നാൽ തങ്ങൾക്ക് ബാങ്കുകളുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുമെന്നാണ് റിസർവ് ബാങ്ക് അധികൃതരുടെ ഭയം.

എന്നാൽ ജനങ്ങളുടെ മനോഭാവമാണ് യഥാർഥ തടസ്സം എന്നാണ് എന്റെ അനുഭവം. ഇസ്‌ലാമിക് ഫൈനാൻസ് രീതികൾ സ്വീകരിച്ചാൽ വർഗീയവാദികളായി മുദ്രകുത്തപ്പെടുമെന്ന് ഭയക്കുന്നവരുമുണ്ട്. പൊതുജനങ്ങളുടെ പ്രതികരണവും പ്രതീക്ഷാജനകമല്ല.

**നേരത്തേ ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന പല ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളും തകരുകയുണ്ടായല്ലോ. എന്തായിരുന്നു കാരണം? പുതിയ സ്ഥാപനങ്ങളെയും ഈ തകർച്ച ബാധിക്കില്ലേ?**

ഇന്ത്യയിൽ കഴിഞ്ഞ വർഷങ്ങളിൽ ഏതാനും ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ തകർന്നു എന്നത് ശരിയാണ്. ഏതൊരു ബിസിനസ്സിനും പരാജയം സംഭവിക്കാം. അമേരിക്കയിൽ ഓരോ വർഷവും നൂറുകണക്കിന് ബാങ്കുകൾ തകരുകയോ പ്രവർത്തനം നിർത്തുകയോ ചെയ്യുന്നുണ്ട്. അവിടത്തെ ബാങ്കുകളുടെ വളർച്ചയെ അവ ഒരുതരത്തിലും ബാധിച്ചില്ല. ബാങ്കുകളുടെ മൂലധനശേഷിയാണ് ആ രാജ്യത്തിന് ലോക സാമ്പത്തിക രംഗത്ത് മേൽക്കോയ്മ നേടാൻ സഹായിക്കുന്നത്. ഇന്ത്യയിൽതന്നെ കഴിഞ്ഞ 10 വർഷത്തിനിടയിൽ ആയിരക്കണക്കിന് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ തകരുകയുണ്ടായി. 1990-കളിൽ 55000 ധനകാര്യ സ്ഥാപനങ്ങളുണ്ടായിരുന്ന നമ്മുടെ രാജ്യത്ത് ഏതാണ്ട് 40000 എണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

നിർഭാഗ്യകരമെന്നു പറയട്ടെ, ഇന്ത്യൻ മുസ്‌ലിംകൾക്ക് അനാവശ്യ ഭയമാണ്. ഈ കമ്പനികൾ അനിസ്‌ലാമിക രീതികൾ ഉപയോഗിച്ച് പ്രവർത്തിച്ചതിനാലാണ് തകർന്നത് എന്നാണ് നമ്മിൽ പലരും കരുതുന്നത്. ഇത് പൂർണമായും ശരിയല്ല. ശരിയായ ഇസ്‌ലാമിക രീതിയിൽ ബിസിനസ് നടത്തിയാലും തകരില്ലേ? പിന്നെയാണോ ഇസ്‌ലാമിക് ഫൈനാൻസ് കമ്പനി? ഏതു ബിസിനസ്സിലും വിജയമെന്നപോലെ പരാജയവും സംഭവിക്കാം. പ്രവർത്തനത്തിലെ ആസൂത്രണമില്ലായ്മയും മറ്റും അതിന് കാരണമാവാം. അനുകൂല സാഹചര്യം പരാജയത്തെ കുറക്കുന്നു എന്നു മാത്രം. വരാനിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥിതിയും ഇതുപോലെത്തന്നെയായിരിക്കും.

**ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കുകൾക്ക് പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും ചില സഹകരണസംഘങ്ങൾ പല ഭാഗങ്ങളിൽ പലിശരഹിതമായി പ്രവർത്തിക്കുന്നുണ്ടല്ലോ. ഇവയുടെ സാധ്യത എത്രത്തോളമുണ്ട്?**

ചില നിയന്ത്രണ നടപടികൾ ഇളവു ചെയ്യാതെ ഇസ്‌ലാമിക് ബാങ്കുകൾക്ക് ഇവിടെ പ്രവർത്തിക്കുക സാധ്യമല്ല. അതേസമയം സഹകരണ സംഘങ്ങൾക്ക് ഈ നിയന്ത്രണങ്ങളുടെ പരിധിക്കകത്തുനിന്ന് പ്രവർത്തിക്കാനാവും. വായ്പാധിഷ്ഠിത ധനവിനിമയത്തിന് ഇന്ത്യയിൽ ഏറ്റവും യോജിച്ച രീതിയാണിത്.

**ഇസ്‌ലാമിക ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പണമുള്ളവർക്ക് വായ്പ ലഭിക്കാൻ മാത്രമായുള്ള സ്ഥാപനങ്ങളാണ് എന്ന് ആക്ഷേപമുണ്ട്. ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കുകൾ യാഥാർഥ്യമായാൽ ദരിദ്രർക്ക് സഹായകരമായ നടപടികളുണ്ടാവുമോ?**

ഇസ്‌ലാമിക ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ബിസിനസ് സംരംഭങ്ങളാണ്. ലാഭം ലഭിക്കാൻ സാധ്യതയുള്ളിടത്ത് അവർ നിക്ഷേപമിറക്കും. പാവങ്ങൾക്കായി പണം ചെലവഴിക്കേണ്ടത് സമൂഹത്തിന്റെയും സർക്കാറിന്റെയും ബാധ്യതയാണ്. എന്നാലും വൻതുക ദരിദ്രർക്കായി പല രീതിയിലും ചെലവഴിക്കുന്നവയാണ് ഇസ്‌ലാമിക ബാങ്കുകൾ. പാരമ്പര്യ ബാങ്കുകൾക്ക് അങ്ങനെയൊരു രീതി തന്നെയില്ലല്ലോ. ഇസ്‌ലാമിക ബാങ്കുകൾ എണ്ണത്തിലും വലുപ്പത്തിലും പാരമ്പര്യ സ്ഥാപനങ്ങളേക്കാൾ പിറകിലാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള പാരമ്പര്യബാങ്കുകളോട് ഇവയെ താരതമ്യം ചെയ്യുന്നതും ശരിയല്ല.

ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കുകൾ നിലവിൽവന്നാൽ സമൂഹത്തിന് പ്രയോജനമുണ്ടാവും. പണത്തെ കമ്പോളത്തിൽ വെറുതെ കറങ്ങാൻ ഇസ്‌ലാമിക ബാങ്കുകൾ അനുവദിക്കുന്നില്ല. ഇസ്‌ലാം പണത്തിന്റെ വിനിമയം വർധിപ്പിച്ചുകൊണ്ട് ലാഭം പരമാവധിയാക്കാൻ പ്രേരിപ്പിക്കുന്നു. പരമ്പരാഗത ബാങ്കുകളുടെ പണത്തോടുള്ള സമീപനം നേരെ വിപരീതമാണ്. അതിനാൽ ഇസ്‌ലാമിക ധനവിനിമയ രീതികൾ സമൂഹത്തിൽ ഐശ്വര്യം വർധിപ്പിക്കും.

**ഓഹരി വിപണിയിൽ വ്യാപാരം നടത്തുന്നതും നിക്ഷേപിക്കുന്നതും ഇസ്‌ലാമികമായി ശരിയാണോ? അതിനുള്ള നിബന്ധനകൾ എന്തെല്ലാം? ഊഹക്കച്ചവടത്തിലും വഞ്ചനയിലും അധിഷ്ഠിതമായ സമകാലിക ഓഹരി വിപണിയിൽ ഇസ്‌ലാമികമായ ഇടപെടൽ സാധ്യമാണോ?**

ഓഹരികളിലും കടപ്പത്രങ്ങളിലുമുള്ള നിക്ഷേപം ഒരു സ്ഥാപനത്തിന്റെ ഉടമാവകാശത്തിന്റെ ഒരു ഭാഗം കൈമാറുന്നതിന് തുല്യമാണ്. ഇസ്‌ലാമിൽ ഇത് അനുവദനീയവുമാണ്. ഉടമസ്ഥൻ എന്ന നിലക്ക് കമ്പനിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും അയാൾ ഉത്തരവാദിയാവണം. അതിനാൽ ഇസ്‌ലാം നിരോധിച്ച പലിശ, ചൂതാട്ടം, പന്നിമാംസം, അനുവദനീയമല്ലാത്ത വിനോദങ്ങൾ, പുകയില തുടങ്ങിയവയുമായി ബന്ധപ്പെടുന്ന വ്യാപാര മേഖലകളിൽ നിക്ഷേപിക്കുന്നത് അനുവദിക്കുന്നില്ല. അഥവാ അത്തരം സ്ഥാപനങ്ങളുടെ ഓഹരി വാങ്ങാൻ പാടില്ല.

നിലവിലെ ഓഹരിവപണിയിലുള്ള അനിസ്‌ലാമിക രീതികളിൽനിന്ന് പരമാവധി വിട്ടുനിന്ന് സമകാലിക പണ്ഡിതന്മാർ നിർണയിച്ച പരിധികൾ പാലിച്ച് ഇസ്‌ലാമിക രീതിയിലുള്ള നിക്ഷേപം ഓഹരിവിപണികളിലും ആവാം. എന്നാൽ ഇന്ന് വ്യാപകമായി പ്രചാരത്തിലുള്ള ഷോർട്ട് സെല്ലിംഗ്, താൽക്കാലിക വാങ്ങൽ, മാർജിൻ ട്രേഡിംഗ് തുടങ്ങിയ അനിസ്‌ലാമിക രീതികൾ തീർത്തും ഒഴിവാക്കുകയും വേണം.

**കേരളത്തിൽ ധാരാളം പലിശരഹിത സംരംഭങ്ങൾ നിലവിലുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദേശങ്ങൾ?**

ചെറിയ നിധികളായാലും മറ്റു ഫൈനാൻസിംഗ് കമ്പനികളായാലും ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളുടെ ലക്ഷ്യം ഇസ്‌ലാമിക മൂല്യങ്ങൾക്കനുസരിച്ച് ബിസിനസ് നടത്തുകയാണ്. ഈ മൂല്യങ്ങൾ മുറുകെപ്പിടിച്ച് ദരിദ്രർക്കായി പരമാവധി ആശ്വാസം നൽകാൻ ശ്രമിക്കുക. ദീനിൽ വളരെയേറെ പ്രതിഫലമുള്ള കാര്യമാണല്ലോ ഇത്. നിധികൾ നടത്തുന്നവർക്ക് പരിശീലനം നൽകി ആസൂത്രണത്തോടെയും വേണ്ട രീതിയിൽ മോണിറ്ററിംഗ് നടത്തിയും പ്രവർത്തനം കാര്യക്ഷമമാക്കണം. ■

## മനുഷ്യാവകാശ പോരാട്ടങ്ങളുടെ ചരിത്രരേഖ

ഇന്ത്യയിലെ മനുഷ്യാവകാശ പോരാട്ടങ്ങളുടെ മുന്നണിപ്പോരാളികളിൽ ഒരാളാണ് പ്രശസ്ത അഭിഭാഷകയായ നന്ദിതാ ഹക്സർ. പാർലമെന്റ് ആക്രമണ കേസിൽ അന്യായമായി പ്രതിചേർക്കപ്പെട്ടവർക്കു വേണ്ടി ശബ്ദിച്ചുകൊണ്ട് അവരെഴുതിയ ലേഖനങ്ങളും പ്രമുഖർക്ക് അയച്ച കത്തുകളും അധികാര കേന്ദ്രങ്ങളെ പ്രകമ്പനം കൊള്ളിക്കുകയുണ്ടായി. ഗീലാനിക്കും അഫ്സലിനും നീതിപൂർവകമായ വിചാരണയോ തങ്ങളുടെ ഭാഗം വിശദീകരിക്കാനുള്ള അവസരമോ ലഭിക്കുകയുണ്ടായില്ല എന്നവർ ചൂണ്ടിക്കാട്ടി. ഇത് രണ്ട് കശ്മീരികളുടെ പ്രശ്നമല്ലെന്നും അവർ വ്യക്തമാക്കി. നിരവധി നിരപരാധികൾ വിചാരണ കൂടാതെ തടവിൽ നരകിക്കുന്നുണ്ട്. ഇത് അടിയന്തരശ്രദ്ധ ആവശ്യപ്പെടുന്ന ഒരു മനുഷ്യാവകാശ പ്രശ്നമാണ്.

നന്ദിതാ ഹക്സറിന്റെ മനുഷ്യാവകാശ പോരാട്ടങ്ങളുടെ കഥ അനാവരണം ചെയ്യുന്ന പുസ്തകമാണ് Framing Geelani, Haging Afzal: Patriotism in the Time of Terror. പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർക്ക് അവർ എഴുതിയ കത്തുകളാണ് ഇതിന്റെ മുഖ്യ ഉള്ളടക്കം. ഇന്ത്യയിലെ ഭരണസ്ഥാപനങ്ങളിൽ വർഗീയത പിടിമുറുക്കിയിരിക്കുകയാണെന്നും അതുകാരണം ഒരു പ്രത്യേക സമുദായം ടാർഗറ്റ് ചെയ്യപ്പെടുകയാണെന്നും നന്ദിത തുറന്നടിക്കുന്നു. രാഷ്ട്രീയ പാർട്ടികളും മുന്നണികളും ഭീതിദമായ ഈ അവസ്ഥാവിശേഷം കണ്ടില്ലെന്ന് നടിച്ച് മൗനം പാലിക്കുകയാണ്.

പത്ത് അധ്യായങ്ങളുള്ള പുസ്തകത്തിൽ ഒമ്പതും തുറന്ന കത്തുകളാണ്. ഒരു കത്ത് വായനക്കാരന് തന്നെയാണ്. പ്രമുഖ നിയമജ്ഞൻ ഉപേന്ദ്ര ബക്ഷി, ചരിത്രകാരൻ ബിപിൻ ചന്ദ്ര, എൻ.ഡി. ടി.വിയിലെ ബർക ദത്ത്, സിനിമാ സംവിധായകൻ ഓം പ്രകാശ് മെഹ്റ, സയ്യിദ് ഗീലാനിയുടെ സഹോദരൻ ബിസ്മില്ലാ ഗീലാനി തുടങ്ങിയവർക്കാണ് മറ്റു കത്തുകൾ. ഒരു Promilla and Co., Biblophile South Asia പ്രസിദ്ധീകരണം. പേജ് 350, വില 450 രൂപ. വിലാസം: C-127 Sarvoda-ya Enclave, New Delhi- 110 017 ■

## ഡാനിഷ് രാഷ്ട്രീയത്തിലെ മൂന്നാം ശക്തി

2006-ലെ കാർട്ടൂൺ വിവാദത്തിനു ശേഷം ഡാനിഷ് രാഷ്ട്രീയത്തിൽ അറബ്‌വംശജർക്ക് നിൽക്കക്കള്ളി ഉണ്ടാവില്ലെന്നായിരുന്നു പ്രവചനം. അതിന് അപവാദമാണ് നാസർ ഖാദർ. ഡെന്മാർക്കിലെ മുഖ്യധാരാ രാഷ്ട്രീയത്തിൽ ഏറ്റവും ജനസമ്മതിയുള്ള നേതാക്കളിൽ ഒരാൾ. 2007 മെയ് 7-ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുതിയൊരു രാഷ്ട്രീയ പാർട്ടി ജന്മം കൊണ്ടു -New Alliance.

1963-ലാണ് നാസർ ഖാദറിന്റെ ജനനം. പിതാവ് ഫലസ്തീൻകാരനും മാതാവ് സിറിയക്കാരിയും. പഠിക്കുന്ന കാലത്തു തന്നെ നാസർ ഡെന്മാർക്കിലെ സോഷ്യൽ ലിബറൽ പാർട്ടിയിൽ അംഗമായിരുന്നു. 1977-ൽ അദ്ദേഹം കോപൻഹെഗനിലെ സിറ്റി കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എഴുത്തുകാരനും വാഗ്മിയുമായ നാസർ പൊതുചർച്ചകളിൽ സ്ഥിരം ക്ഷണിതാവായിരുന്നു; പ്രത്യേകിച്ച് ന്യൂനപക്ഷ പ്രശ്നങ്ങളിൽ. 2001-ൽ പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ന്യൂ അലയൻസ് എന്ന പുതിയ പാർട്ടി രൂപീകരിച്ചിരിക്കുന്നത് നാസർ ഒറ്റക്കല്ല. ജനകീയരായ രണ്ട് യുവ നേതാക്കൾകൂടി ഒപ്പമുണ്ട്. ഒരു ക്രിയാത്മക രാഷ്ട്രീയ ബദൽ സമർപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇപ്പോഴത്തെ ഭരണകൂടം തീവ്രവലതുപക്ഷമായ ഡാനിഷ് പീപ്പ്ൾസ് പാർട്ടിയെ വല്ലാതെ ആശ്രയിക്കുന്നുണ്ട്. അറബ് വംശജർക്കും മറ്റും പ്രതികൂലമായ രീതിയിൽ കുടിയേറ്റ നിയമങ്ങൾ മാറ്റിയെഴുതുന്നത് അതുകൊണ്ടാണ്. ഡാനിഷ് സമൂഹം പൊതുവെ ഇതിൽ അസംതൃപ്തരാണ്. ഇവരിൽ വലിയൊരു വിഭാഗത്തിന്റെ പിന്തുണ ന്യൂ അലയൻസിന് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഒരു സമ്മർദശക്തിയായി നിലകൊള്ളാനും ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ തിരുത്തിക്കാനും മാത്രം പുതിയ പാർട്ടി ശക്തിപ്പെടുമെന്നാണ് പ്രതീക്ഷ. പുതിയ പ്രതിയോഗിയെ നേരിടാൻ രാഷ്ട്രീയ പാർട്ടികൾ അവയുടെ നയങ്ങളിൽ മാറ്റം വരുത്തിത്തുടങ്ങി. നാസറിന്റെ പഴയ പാർട്ടിയായ സോഷ്യൽ ലിബറൽ അതിന്റെ നേതാവിനെത്തന്നെ മാറ്റി പുതിയ തന്ത്രങ്ങൾ പയറ്റാനുള്ള ഒരുക്കത്തിലാണ്.

ഒരു അഭിപ്രായ സർവേ അനുസരിച്ച് 179 അംഗ പാർലമെന്റിൽ ന്യൂ അലയൻസിന് 20 സീറ്റ് വരെ ലഭിച്ചേക്കാം. 2008 ഒടുവിലാണ് പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുക. അതുവരെ ഈ ജനപ്രീതി നിലനിർത്താൻ ന്യൂ അലയൻസിന് കഴിയണമെന്നില്ല. എങ്കിലും സോഷ്യലിസ്റ്റുകൾ ഒരു വശത്തും യാഥാസ്ഥികർ മറുവശത്തുമായി ചേരിതിരിഞ്ഞ് നിൽക്കുന്ന ഡാനിഷ് രാഷ്ട്രീയത്തിൽ മൂന്നാം ശക്തിയായി ഉയർന്നുവരാനുള്ള സാധ്യത നിലനിൽക്കുന്നു. ■